## പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1161

8.2.2013-ലെ മറുപടിക്ക്

## അനദ്ധ്യാപക തസ്തികകളിൽ നിയമനം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ, 2009 മുതൽ നിയമനാംഗീകാരം ലഭി ക്കേണ്ട 248 അനദ്ധ്യാപകരെ സർക്കാർ അവഗണിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാ ക്കുമോ ; | (എ) യും (ബി) യും (സി) യും ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | 2009-10, 2010-11 വർഷങ്ങളിൽ നിയമനം ലഭിച്ച അനദ്ധ്യാപകർക്ക് നിയമനാംഗീ കാരം നൽകണമെന്ന പൊതുവി ദ്യാഭ്യാസ സെക്രട്ടറി യുടെ റിപ്പോർട്ടി ന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | |
| (സി) | 2006 മുതൽ കുട്ടികൾ കുറവായതിനാൽ പുറത്താകേണ്ടിവന്ന അനദ്ധ്യാപകരുടെ സംരക്ഷണം ഇതേവരെ ഏറ്റെടുത്തിട്ടി ല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; വിശദമാക്കുമോ ; | |
| (ഡി) | 1 9 9 8-ൽ 211 എയ്ഡഡ് സ്കൂളുകൾ ഹയർ സെക്കന്ററിയായി ഉയർത്തിയ പ്പോൾ ഒരു സ്കൂ ളി ൽ നാലു ലാബ് അസിസ്റ്റന്റു മാരെ നിയമിക്കു കയും എന്നാൽ, 1998മുതൽ 2 0 0 3 വരെയുള്ള മുൻകാല പ്രാബല്യ മോ, ആനുകൂല്യ കുടിശ്ശികയോ നൽകാതെ 2003 മാർച്ചി ലാണ്ഇവർക്ക് നിയമനാംഗീകാരം നൽകിയതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) യും (ഇ) യും<br><br>ഉണ്ട് |
| (ഇ) | 2009-ൽ 172 എയ്ഡഡ് സ്കൂളുകൾ ഹയർ സെക്കന്ററിയായി ഉയർത്തി യെങ്കിലും നാളിതുവരെയായിട്ടും അവിട ങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക് നിയ മനഅംഗീകാരംനൽകാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | |

<table>
<tr><td>(എഫ്)</td><td>ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര അൺ എയ്ഡഡ് സ്കൂളുകൾ, എയ്ഡഡ് ആയി ഉയർത്തിയെന്നും ആയതു വഴി എത്ര അദ്ധ്യാപക-അനദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകി എന്നും വിശദമാക്കുമോ;</td><td>(എഫ്)<br><br>5 അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവിയും 3 സ്കൂളുകളിലെ ഹൈസ്ക്കൂൾ വിഭാഗത്തിന് എയ്ഡഡ് പദവിയും 3 എയ്ഡഡ് സ്ക്കൂളുകളുടെ ഹയർസെക്കന്ററി വിഭാഗത്തിന് എയ്ഡഡ് പദവിയും അനുവദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി സ്ക്കൂളുകളെല്ലാം സ്പെഷ്യൽ സ്ക്കൂളുകളാണ്. ടി സ്കൂളുകൾക്ക് തസ്തികകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടില്ല.</td></tr>
<tr><td>(ജി)</td><td>പിന്നോക്ക ജില്ലയിൽ സ്കൂളുകൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്ന കേന്ദ്ര സർക്കാ ര ി ന്റെ പദ്ധതിപ്രകാരം തുടങ്ങിയ മലബാറിലെ വിവാദമായ 33സ്കൂളുകളിലെ 238 അദ്ധ്യാപക-അനദ്ധ്യാപകർക്ക്,എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് തുല്യമായ ശമ്പളവും ആനുകൂല്യവും നൽകാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;</td><td rowspan="3">(ജി)യും (എച്ച്)യും(ഐ)യും<br><br>AIP സ്കൂളുകളിലെ 238 ജീവനക്കാർക്ക് എയ്ഡഡ് സ്കൂൾ ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ അനുവദിച്ച് നൽകി നാളിതുവരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.</td></tr>
<tr><td>(എച്ച്)</td><td>ഇപ്രകാരം, പ്രസ്തുത സ്കൂളുകളിലെ ജീവനക്കാർക്ക്എയ്ഡഡ് സ്കൂളുകളിലെ എല്ലാ ആനുകൂല്യവും നൽകുക എന്നു പറഞ്ഞാൽ, പ്രസ്തുത സ്കൂളുകളെ എയ്ഡഡ് ആയി ഉയർത്തി എന്നതിന് തുല്യമാകില്ലേ;വ്യക്തമാക്കുമോ ;</td></tr>
<tr><td>(ഐ)</td><td>എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനവും ആനുകൂല്യവും പരിഗണിക്കാതെ, മലബാറിലെ 33 സ്കൂളുകൾക്ക് അദ്ധ്യാപക/അനദ്ധ്യാപകനിയമനവും ആനുകൂല്യവും നൽകുകയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?</td></tr>
</table>

അനുബന്ധം [illegible] മാണ്

സെക്ഷൻഓഫീസർ